## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4152
## 16.12.2014-ലെ മറുപടിക്ക്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. അൻവർസാദത്ത്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി. സതീശൻ | **ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി** |
| (എ) | ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ; | കേരളത്തിലെ ട്രഷറികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ട്രഷറി ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവും ആയി മാറും. സർക്കാരിന്റെ വരവ് ചെലവുകൾ യഥാസമയം അറിയാൻ കഴിയുന്നതുകൊണ്ട് മെച്ചപ്പെട്ട ധനമാനേജ്മെന്റും കൃത്യമായ ആസൂത്രണവും സാധ്യമാകും. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും മികവുറ്റ ധനാസൂത്രണത്തിലൂടെ കൂടുതൽ ഫലപ്രാപ്തി കൈവരിക്കുവാനും സാധിക്കും. |
| (സി) | ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | NIC, KELTRON, Kerala State IT Mission. തുടങ്ങിയ സ്ഥാപനങ്ങളെയാണ് ഇതുമായി സഹകരിപ്പിക്കുന്നത്. ട്രഷറി കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിച്ചു നൽകുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ NIC-യാണ്. ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് KELTRON മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന IT മിഷന്റെ നിയന്ത്രണത്തിലുള്ള State Data Centre-ലാണ് ട്രഷറിയുടെ സെൻട്രൽ സെർവർ സ്ഥാപിച്ചിട്ടുള്ളത്. |
| (ഡി) | ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ട്രഷറി ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവും ആയി മാറും. കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതോടുകൂടി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള വ്യക്തിക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ |

| | | |
|---|---|---|
| | | സാധിക്കും. ഇ-ട്രഷറി സംവിധാനം ഏർപ്പെടുത്തിയതോടെ ഇടപാടുകാർക്ക് ട്രഷറി സന്ദർശിക്കാതെതന്നെ ലോകത്തെവിടെ നിന്നും ഏതു സമയത്തും സർക്കാരിലേക്ക് പണം ഒടുക്കുവാനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്. |
| (ഇ) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ട്രഷറി ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ പുതിയ സെൻട്രൽ സെർവ്വർ സ്ഥാപിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ച കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി NIC യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പളവിതരണം ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ശമ്പള ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർ ബാങ്കിംഗിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഈ സൗകര്യം നിലവിൽ വരുമ്പോൾ ഒരു ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ മറ്റേത് ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കുന്നതാണ്. സർക്കാരിലേയ്ക്കുള്ള പണം ഒടുക്കലുകൾ ട്രഷറിയിൽ വരാതെ ഓൺലൈനായി നിർവ്വഹിക്കുന്നതിന് ഉപഭോക്താക്കൾക്ക് സൗകര്യം നൽകുന്ന ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് സംവിധാനമുള്ള ഉപഭോക്താക്കൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ